# G W U P S PONNORE

# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

ആമുഖം

തൃശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിലാണ് ഗവൺമെന്റ് വെൽഫെയർ യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഈ വിദ്യാലയം തൃശൂർ വെസ്റ്റ് വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്നു. 1951 നവംബർ 7-ാം തിയതി ശ്രീ. C.K ഭാസ്കരൻ മാസ്റ്ററുടെ പരിശ്രമഫലമായി പയൽ സ്കൂൾ എന്ന പേരിൽ സ്ഥാപിക്കപ്പെട്ടതാണ് ഇന്നത്തെ GWUP സ്കൂൾ ആദ്യത്തെ അധ്യാപിക കല്യാണി ടീച്ചറായിരുന്നു. 1956 വരെ ഒന്നാംക്ലാസ് മാത്രമാണ് ഉണ്ടായത്. 1957 ൽ 2-ാം ക്ലാസ്, 1959 ൽ മൂന്നാം ക്ലാസ്, 1963 ൽ നാലാം ക്ലാസ് എന്ന രീതിയിലാണ് ഉയർത്തിക്കൊണ്ടുവന്നത്. 1982 ജനുവരി 22 മുതൽ ഈ സ്കൂൾ അപ്പർ പ്രൈമറിയായി പ്രവർത്തിക്കാൻ തുടങ്ങി.

വിദ്യാലയത്തിന്റെ അക്കാദമിക അന്തരീക്ഷത്തിൽ ഗുണപരമായ മാറ്റം വരുത്തുന്നതിൽ അധ്യാപകരുടേയും രക്ഷിതാക്കളുടേയും കഠിനവും നിരന്തരവുമായ അധ്വാനം ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ടതും ആധുനികവുമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ഉതകുന്ന വിധം ഈ വിദ്യാലയത്തെ രൂപപ്പെടുത്താൻ എല്ലാവരുടേയും ആത്മാർത്ഥമായ പിന്തുണ ആവശ്യമാണ്.

പരിമിതികൾ

നമ്മുടെ സ്കൂളിനെ ആശ്രയിക്കുന്ന സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥ

സ്കൂൾ സ്ഥിതി ചെയ്യുന്ന നാലാം വാർഡിൽ തന്നെ ഒരു അൺ എയ്ഡഡ് സ്കൂളും, ഒരു എയ്ഡഡ് സ്കൂളും പ്രവർത്തിക്കുന്നതു മൂലം വിദ്യാർത്ഥികളെ ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്.

Vision & Mission

- ആധുനിക സജ്ജീകരണങ്ങളോടുകൂടിയ lab, library
- നവീകരിച്ച കമ്പ്യൂട്ടർ ലാബ്
- ആകർഷകമായ സ്കൂൾ കെട്ടിടം
- വിശാലമായ കളിസ്ഥലം
- കലാകായിക പഠനത്തിന് പ്രത്യേക പ്രാവീണ്യം നേടിയ അധ്യാപകരുടെ സേവനം
- കുട്ടികൾക്ക് മാനസിക പിന്തുണ നൽകുന്നതിന് കൗൺസിലറുടെ സേവനം
- ബാന്റ്സെറ്റ് ലഭ്യമാക്കൽ
- ആർട്ട് ഗാലറി സജ്ജീകരിക്കൽ
- ഡൈനിംഗ് ഹാളോടുകൂടിയ അടുക്കള
- ഷീറ്റ് മേഞ്ഞ ക്ലാസ്സ്റൂമുകൾ കോൺക്രീറ്റ് ചെയ്യണം.

## വിഷൻ പൂർത്തീകരിക്കാൻ ചെയ്ത നടപടികൾ

| | |
|---|---|
| • സജ്ജീകരിച്ച lab library | 2023-24 ൽ SSK Fund അംഗീകരിച്ചിട്ടുണ്ട്<br>സസ്റ്റൻസ് ഫോർ ഫെസിലിറ്റിസ് 2023 പദ്ധതി അംഗീകാരം ലഭിച്ചിട്ടുണ്ട് |
| • ആധുനിക സ്കൂൾ കെട്ടിടം | പഞ്ചായത്തിന്റെ നേതൃത്വത്തിൽ MLA വഴി PWD എഞ്ചി നീയർ നൽകിയ പ്ലാൻ പൊതുവിദ്യാഭ്യാസ വകുപ്പിൽ എത്തിച്ചിട്ടുണ്ട് |
| • കമ്പ്യൂട്ടർ റൂം നവീകരണം | 2023-24 ൽ പഞ്ചായത്തിൽ നിന്ന് ഒരു കമ്പ്യൂട്ടർ ലഭി<br>2024-25 ൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാ നുള്ള പ്രോജക്ട് തയ്യാറാക്കി |
| • പച്ചക്കറി കൃഷി | പച്ചക്കറി കൃഷിക്കായി കൃഷിഭവനിൽ നിന്ന് സഹായം ലഭ്യമാക്കി |

# വിജ്ഞാനകൗതുകം

## തനതുപ്രവർത്തനം

നമ്മുടെ സ്കൂളിലെ കുട്ടികൾ പഠന- പാഠ്യേതര പ്രവർത്തനങ്ങളിൽ മികവുപുലർത്തുന്നവരാണ്. എങ്കിലും പൊതുവിജ്ഞാനത്തിന്റെ കാര്യത്തിൽ ഒരു വിഭാഗം കുട്ടികൾ വളരെ പിന്നിലാണ്. അതിനാൽ ഈ വർഷത്തെ തനതുപ്രവർത്തനമായി പൊതുവിജ്ഞാനം വർദ്ധിപ്പിക്കാനുള്ള പരിപാടി

ഇതിന്റെ ഭാഗമായി ഓരോ ദിവസവും 5 പൊതുവിജ്ഞാന ചോദ്യങ്ങൾ അധ്യാപകർ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. ഈ ചോദ്യങ്ങൾ Notice board ൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഒഴിവുസമയത്ത് എഴുതിയെടുത്ത് പഠിക്കുന്നു. ക്ലാസ്സിൽ ഗ്രൂപ്പുകൾ ഉണ്ടാക്കി എല്ലാവരും പഠിച്ചു എന്ന് ക്യാപ്റ്റൻ ഉറപ്പുവരുത്തുന്നു. ചോദ്യങ്ങളും ഉത്തരങ്ങളും അടങ്ങിയ file സൂക്ഷിക്കുന്നു.

Std I അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | |
|---|---|---|---|
| അക്ഷരങ്ങൾ തിരിച്ചറിയുന്നതിനും കൂട്ടി വായിക്കുന്നതിനും പരിശീലനം ലഭിക്കേണ്ടതുണ്ട്. | ചിത്രചാർട്ട്, ക്ലിങ്ങ് കാർഡ് എന്നിവ ഉപയോഗിച്ച് അക്ഷരങ്ങൾ ഉറപ്പിക്കുന്നു. ചിത്രം, ബാലമാസികകൾ ഇവയിൽ കണ്ടെത്തുന്നു. | 2 മാസം June & July | |
| സ്വരചിഹ്നങ്ങൾ ചേർന്ന അക്ഷരങ്ങളും അവ ചേർന്ന വാക്കുകളും വാക്യങ്ങളും തെറ്റില്ലാതെ വായിക്കുന്നു. | ചിത്രകാർഡുകളുടെയും ചിത്രകഥാ പുസ്തകത്തിന്റെയും സഹായത്തോടെ വായനാ കാർഡുകൾ വായിക്കുന്നു. | 1 മാസം August September | |
| സ്വന്തം രചനകൾ നടത്തുന്നു. | ലഘു വായനാകാർഡുകൾ നിർമ്മിക്കുന്നു. | October November | |

AMP സംയുക്ത ഡയറി ക്ലാസ് 2

## ആമുഖം

കുട്ടി സ്വന്തം ദൈനംദിന അനുഭവങ്ങളെ ആത്മാംശം എഴുതുന്നതിന് സംയുക്ത ഡയറി സഹായിക്കുന്നു. സ്വയം എഴുതാൻ കഴിയാത്ത ഭാഗങ്ങൾ രക്ഷിതാവുമായി പങ്കുവെച്ച് രക്ഷിതാക്കളുടെ സഹായത്തോടെ എഴുതുന്നതിലൂടെ സ്കൂളും സമൂഹവുമായി പരസ്പരബന്ധം വളരുന്നു.

## ലക്ഷ്യപ്രസ്താവനകൾ

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
* സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
* സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
* ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സാധ്യമാകുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ — 2025-26. ഹിന്ദി.

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം. |
|---|---|---|---|---|---|
| 1 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. ദൈനംദിന വാക്കുകൾ ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | പ്രതിദിനം (ഒരുവർഷം) | 5,6,7 | ഹിന്ദി അദ്ധ്യാപിക. | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ വായിക്കാനുള്ള ശേഷി വർധിപ്പിക്കുക. |
| 2. | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം (ഒരുവർഷം) | 5,6,7 | ഹിന്ദി അദ്ധ്യാപിക | ഹിന്ദി കേൾക്കാനുള്ള അവസരം ഉണ്ടാക്കുന്നു. കാലക ഹിന്ദി സംസാരിക്കാനുള്ള ശേഷി വർധിപ്പിക്കുക. |

UP- ഗണിതം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ◦ Maths clinic<br>◦ Maths Worksheet<br>◦ ഗണിത വായനക്കാർഡ് കുട്ടികൾ തയ്യാറാക്കുന്നു.<br>◦ ഗണിതപുസ്തകരചന<br>◦ ഗണിത നിഘണ്ടു.<br>◦ Geogebra പരിശീലനം. | ജൂൺ മുതൽ | ഗണിതാധ്യാപകർ |
| 2. | ഗണിതപഠനം രസകരവും ആകർഷകവുമാക്കൽ | ◦ ഗണിത ക്വിസ്.<br>◦ ഗണിത മാഗസിൻ നിർമ്മാണം.<br>◦ ഗണിത അസംബ്ലി.<br>◦ ഗണിത ക്ലബ്ബ് -ശാക്തീകരണം.<br>◦ ഗണിത ലാബ് ശാക്തീകരണം. | ” | |
| 3. | ഗണിതകളി, ചെസ്സ്, പസിൽസ്, പാട്ട്, കഥ. | ◦ ചെസ്സ് പരിശീലനം<br>◦ പസിൽ കോർണർ.<br>◦ ഗണിത ലൈബ്രറി<br>◦ ഗണിതപാട്ട്, കഥ- അസംബ്ലിയിൽ.<br>◦ പഠനോപകരണ ശില്പശാല | ”<br>ഡിസംബർ. | |
| 4. | പ്രതിഭാശാലികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കാൻ. | ◦ ഗണിത പ്രോജക്ട്<br>◦ ഗണിതസെമിനാർ.<br>◦ ഗണിതോത്സവം | ആഗസ്റ്റ് ഫെബ്രുവരി<br>” | |

UP. അടിസ്ഥാനശാസ്ത്രം.

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | (1) ജൈവവൈവിധ്യ പാർക്ക് സംരക്ഷണം<br>പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ഔഷധത്തോട്ടം, ചെണ്ടുമല്ലി എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ട് ജൈവ വൈവിധ്യ പാർക്ക് സംരക്ഷണം.<br>(2) കണ്ടറിയാനൊരു യാത്ര<br>കാവുകൾ, വയലുകൾ, പുഴകൾ - അറിയാൻ യാത്ര<br>[illegible] — നഴ്സറി സന്ദർശനം | അക്കാദമിക വർഷം<br><br>July | ശാസ്ത്രം & Echo club അധ്യാപകർ. |
| 2) | ശാസ്ത്ര [illegible] വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | Little Scientist -<br>○ UP ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട്, നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾക്ക് വ്യക്തിഗതമായി ചെയ്യാൻ കഴിയുന്ന പരീക്ഷണക്കളരികൾ സംഘടിപ്പിക്കുന്നു. പരീക്ഷണ കുറിപ്പുകളുടെ ശേഖരം.<br>○ കുട്ടിക്കൊരു ശാസ്ത്രകിറ്റ്<br>○ ശാസ്ത്രവിസ്മയ ചുമർ -<br>കൗതുകകരമായ ശാസ്ത്രവാർത്തകൾ വിസ്മയചുമരിൽ ചേർക്കുന്നു. | October.<br><br>ജൂൺ മുതൽ | |

| | | | |
|---|---|---|---|
| 3. ശാസ്ത്ര സർഗാത്മകതക്കുള്ള അവസരം സൃഷ്ടിക്കൽ. | ○ ശാസ്ത്ര നാടകം, Roleplay.<br>○ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br>○ ശാസ്ത്ര മേഖലയിലെ പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തി കൂടുതൽ അറിവ് നേടാൻ അവസരം. | ജനുവരി മുതൽ. | |
| 4. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | ○ ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | 〃 | |
| 5. പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | ○ പാഠഭാഗങ്ങളിലെ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ചെയ്ത് റിപ്പോർട്ട് അവതരിപ്പിക്കൽ. | 〃 | |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തുക. | പ്രകൃതി നടത്തം<br>ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>ജീവികളുടെ വാസസ്ഥലങ്ങൾ - അനുകൂലനങ്ങൾ പട്ടിക | ജൂൺ മുതൽ | അധ്യാപിക<br>PTA | |
| | ഡിജിറ്റൽ ആൽബം | ജൂലായ് | | |
| | മാലിന്യ സംസ്കരണ രീതി- സർവേ | ജൂലായ് | | |
| | പോസ്റ്റർ നിർമ്മാണം, പക്ഷിനിരീക്ഷണം - കുറിപ്പ് തയ്യാറാക്കൽ | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>ശില്പശാല സംഘടിപ്പിക്കൽ | | | |
| ഭൂപട വായന നടത്തുന്നു. (ഇന്ത്യ, കേരളം) | സൂചിക പരിചയപ്പെടൽ<br>സംസ്ഥാനങ്ങൾ തിരിച്ചറിയൽ<br>ജില്ലകൾ തിരിച്ചറിയൽ<br>ജിഗ്സോ പസിൽ - സംസ്ഥാനം- തലസ്ഥാനം - പട്ടിക തയ്യാറാക്കൽ. | ആഗസ്റ്റ് മുതൽ | | |

English

| Aim | Activities | Duration | Support | Presentation |
|---|---|---|---|---|
| To improve the efficiency of students to speak, read and write English effectively. | English Assembly<br>Diary writing<br>English corner<br>convert the text to different discourses like skit, conversation, drama etc | June to March | Teacher | Assembly<br><br>class room |
| | English Fest<br>Story book making | Once in an year | | |
| To improve the vocabulary of the Students | Underline new words<br>Use glossary to find out meaning<br>Use dictionary<br>Making Picture dictionary | June to March | Teacher<br>Parents | |

അക്കാദമിക മാസ്റ്റർ പ്ലാൻ - Std. IV

ഭാഷ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വളർത്തുക | പുസ്തക ശേഖരണം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>വീട്ടിൽ ഒരു ലൈബ്രറി<br>പിറന്നാളിന് ഒരു പുസ്തകം | ജൂൺ മുതൽ വർഷം മുഴുവൻ | അധ്യാപിക<br>P T A | അസംബ്ലി |
| വായിച്ച രചനകളെ കുറിച്ച് പറയുവാനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ | പുസ്തക പരിചയം<br>രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ.<br>പതിപ്പ് തയ്യാറാക്കൽ | ജൂലായ് മുതൽ | | അസംബ്ലി |
| സാഹിത്യകാരൻമാരെ അടുത്തറിയൽ. | ഓർമ്മദിനങ്ങൾ ആചരിക്കൽ<br>ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>പുസ്തക പരിചയം<br>പതിപ്പ് നിർമ്മാണം | വർഷം മുഴുവൻ | | അസം |
| കവിതകൾ ഈണത്തിലും, താളത്തിലും ചൊല്ലുന്നു. | ഈണം കണ്ടെത്തൽ, കവിതകേളികൾ, വായ്ത്താരികൾ ചേർത്ത് പാടൽ, വരികൾ ചേർക്കൽ, താളത്തിൽ പാടൽ. | വർഷം മുഴുവൻ | | സർ |

ഗണിതം

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ<br>ഏണിയും പാമ്പും<br>ഡയസ് കളി<br>കളി നോട്ടുകൾ<br>ഗുപ്തകാർഡ് നിർമാണം<br>ഗണിത പെട്ടി ഒരുക്കൽ | ജൂൺ മുതൽ | അധ്യാപിക<br>PTA | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമാണം<br>പ്രദർശനം -<br>ടാൻഗ്രാം - ചിത്രങ്ങൾ | | | |
| ഗണിത ശേഷികളുടെ പ്രകടനം | പസിൽ, പാറ്റേൺ<br>ഗണിതമാസിക തയ്യാറാക്കൽ<br>(ഗണിതമേള) | | | |

Theme :- Academic
Sub Theme:- English
STD : III

| AIM | Activity | Time | Duty |
|---|---|---|---|
| To speak, Read & write English without any mistakes | Identify the naming words from the picture<br>· Identify the action words from the picture<br>· Make the simple sentences using the word about picture<br>· Make simple description about the picture<br>· Growing sentences<br>· Picture reading<br>· Self Introduction | June<br>July | Teachers<br><br>Teachers |
| Develop the creative speaking and writing | · Books reading<br>· Rhyming words<br>· TB Activities | August<br>september | Teachers |

| | | | |
|---|---|---|---|
| | .Make word web<br>.Picture Description<br>.word chain<br>.Make words $ sentences<br>.Make riddles, Conversations<br>.Add more lines. | september | Teacher's |
| To express thoughts, feelings etc... | .Library book reading<br>.conversations<br>.skit | october | Teachers |
| | .stories<br>.Description, thoughts | November | |
| .Develope the creative speaking and writing | Reading<br>.Library books reading<br>.Develop story<br>.Reads dairy | December | Teachers |
| | writing<br>.Dairy, Announcement | January | |
| .To Improve the presentation power | Reading:- conversations, skit<br>writing:-Dairy, Description, Thoughts, | February<br>March | Teachers |

മേഖല - അക്കാദമികം ക്ലാസ് - 3
ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | രസകരമായ ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഒറിഗാമി - രൂപങ്ങൾ നിർമിക്കൽ, പ്രദർശിപ്പിക്കൽ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ (ഏണിയും പാമ്പും, ചെസ് കളി) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

മേഖല - അക്കാദമികം ക്ലാസ് - 3
ഉപമേഖല - പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പു തയ്യാറാക്കൽ. | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| പ്രകൃതി വിഭവ സംരക്ഷണം | പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | ക്ലാസ് ടീച്ചർ |
| ഭൂപടമൊരുക്കം കേരളം - ഭൂപട വായന | ഭൂപട വായന ഭൂപട രചന | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ |
| സൂചിക - പരിചയപ്പെടൽ | സൂചികാ നിർമ്മാണം | | |

മേഖല - അക്കാദമികം ക്ലാസ് - 3
ഉപമേഖല - ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയൽ | 1. കവികളെക്കുറിച്ചുള്ള ചിത്ര പ്രദർശനം | ജൂൺ | ക്ലാസ് ടീച്ചർ |
| | 2. പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | ക്ലാസ് ടീച്ചർ |
| വായനാ പരിപോഷണം | 1. പുസ്തക ശേഖരണം, 2. വായനാക്കുറി | ജൂൺ ജൂലൈ ആഗസ്റ്റ് | |

## പ്രാഥമിക വിവരങ്ങൾ

പഞ്ചായത്തിന്റെ പേര് – തോളൂർ

സി. ആർ. സി. – ജി. ഡബ്ല്യു. യു. പി. സ്കൂൾ പോന്നോർ

സബ് ജില്ല – തൃശൂർ വെസ്റ്റ്

സ്കൂളിന്റെ പേര് – ജി. ഡബ്ല്യു. യു. പി. സ്കൂൾ പോന്നോർ

## പ്രാഥമിക വിവരങ്ങൾ

താലൂക്ക് – തൃശൂർ

ബി. ആർ. സി. – പുഴയ്ക്കൽ

വിദ്യാഭ്യാസ ജില്ല. – തൃശൂർ

റവന്യൂ ജില്ല – തൃശൂർ

റവന്യൂ വില്ലേജ് – എടക്കളത്തൂർ

വിദ്യാലയ മാനേജ്മെന്റിന്റെ സ്വഭാവം – ഗവൺമെന്റ്

വിദ്യാലയത്തിലെ ഉയർന്ന ക്ലാസ്സ് – ഏഴ്

വിദ്യാലയത്തിലെ താഴ്ന്ന ക്ലാസ്സ് – ഒന്ന്

വിദ്യാലയ സ്ഥലം – സ്വന്തം

വിസ്തീർണം – $62\frac{3}{4}$ സെന്റ്

വിദ്യാലയ സ്ഥാപിച്ച വർഷം – 1951